ശ്രീ. ജോണി നെല്ലൂർ : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞപ്പോൾ 'വെളുക്കാൻ തേച്ചത് പാണ്ടായി' എന്നാണ് എനിക്ക് തോന്നുന്നത്. ചില പഞ്ചായത്തുകളിൽ ഈ വിഭാഗത്തിൽപ്പെട്ട ആളുകൾ സമരം ചെയ്തിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെ നടപ്പിലാക്കിയത് പരിശോധിച്ച് അത് ഇല്ലായ്മ ചെയ്യുമെന്നുള്ള സൂചനയാണ് അദ്ദേഹം നൽകിയത്. എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്, 4 ജില്ലകളിലെ വിവിധ പഞ്ചായത്തുകളിൽ, ആ വിഭാഗം വലിയ അവഗണന അനുഭവിക്കുന്നവരാണ്. അവർക്കുവേണ്ടി എന്നോടുപോലും അവഗണന.....

മി. സ്പീക്കർ : No അഭ്യർത്ഥന You can put the question. No..No, as per rule you can only put the question. No further speech.

ശ്രീ. ജോണി നെല്ലൂർ : സർ, പരിവർത്തിത കോർപ്പറേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. ആ കോർപ്പറേഷന്റെ പ്രവർത്തനം കുറേക്കൂടി ശക്തിപ്പെടുത്തി ദളിത് ക്രൈസ്തവ വിഭാഗത്തിൽപ്പെട്ട എല്ലാപേർക്കും കൃഷി ഭൂമി കൊടുക്കാനുള്ള പദ്ധതി നടപ്പിലാക്കി വരുന്നുണ്ടെന്ന് അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. ആ പദ്ധതി ത്രിതല പഞ്ചായത്തുകളിൽക്കൂടി നടപ്പിലാക്കാൻ അങ്ങ് നടപടി സ്വീകരിക്കുമോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലമാക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ശ്രമിക്കുന്നതാണ്.

III സബ്മിഷൻ

(1) സ്റ്റാറ്റ്യൂട്ടറി റേഷൻ സംവിധാനം നിലനിറുത്താൻ നടപടി

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, നമ്മുടെ സംസ്ഥാനത്തെ 70 ലക്ഷത്തോളം വരുന്ന റേഷൻ കാർഡ് ഉടമകൾ, അതായത് തൊഴിലാളികൾ സർക്കാർ ജീവനക്കാർ അടക്കമുള്ള പാവപ്പെട്ടവർ അനുഭവിക്കുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇതിന് മുമ്പ് 190,000 ടൺ അരിയും ഗോതമ്പുമായിരുന്നു നമ്മുടെ സംസ്ഥാനത്ത് വിതരണം ചെയ്തിരുന്നത്. 155,000 ടൺ അരിയും 35,000 ടൺ ഗോതമ്പും. ഇതിനുപുറമേ ഉൽസവകാലത്ത് കൂടുതൽ ധാന്യങ്ങളും നമുക്ക് കിട്ടിയിട്ടുണ്ട്. എന്നാൽ ഇന്ന് അത് വെറും 40,000 ടണ്ണായി കുറഞ്ഞിരിക്കുന്നു എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. മുമ്പ് വൈദ്യുതീകരിച്ച വീടുകളിലെ കാർഡുടമകൾക്ക് 2 ലിറ്ററും അല്ലാത്തവർക്ക് 5 ലിറ്റർ മണ്ണെണ്ണയും, സ്പെഷ്യൽ പെർമിറ്റായും, പാചകാവശ്യത്തിനായി 6 ലിറ്ററും അടക്കം 18 ലിറ്റർവരെ മണ്ണെണ്ണ കൊടുത്തുകൊണ്ടിരുന്നു. ഇതെല്ലാം ഇപ്പോൾ ഒരു ഓർമ്മ മാത്രമായി തീർന്നിരിക്കുകയാണ്. മുമ്പുണ്ടായിരുന്നതിന്റെ ഏതാണ്ട് 25 ശതമാനമായി കുറച്ചു എന്നാണ് മനസ്സിലാക്കേണ്ടിയിരിക്കുന്നത്. വളരെയധികം കുറച്ചിരിക്കുന്നു, ബി.പി.എൽ എന്നും എ. പി. എൽ. എന്നൊക്കെ പറഞ്ഞിട്ട് പല വകുപ്പുകളിലായി ഇത് കുറച്ചിരിക്കുകയാണ്. അതേസമയം തമിഴ്നാട്ടിൽ ഗവൺമെന്റ് കൂടിയ വിലയ്ക്ക് അരി വാങ്ങിയിട്ട് 4 രൂപക്ക് അവിടെ

LIBRARY ARCHIVES Kerala Legislative Assembly

അരി വിതരണം ചെയ്യുന്നു. നമുക്കാകട്ടെ 8 രൂപയും 6 രൂപയുമാണ് വില. മറ്റ് സംസ്ഥാനങ്ങളിൽ സബ്സിഡി നൽകി വിതരണം ചെയ്യുന്നതുപോലെ നമ്മുടെ നാട്ടിലെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ കഷ്ടകാലം കുറച്ചെങ്കിലും കുറയ്ക്കാൻ, നമ്മുടെ പൊതുവിതരണ സംവിധാനം കുറച്ചുകൂടി ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ എന്തുകൊണ്ടാണ് സ്വീകരിക്കാൻ കഴിയാത്തത്. മുൻ ഗവൺമെന്റ് പത്തഞ്ഞൂറ് കോടി രൂപ ലജനാവിൽനിന്നും പൊതുവിതരണ സംവിധാനത്തിനുവേണ്ടി നീക്കിവച്ചിരുന്നു. അത്രയും തുക നീക്കിവയ്ക്കാൻ കഴിഞ്ഞില്ലെങ്കിൽ ഈ പൊതുവിതരണ സമ്പ്രദായം പരാജയപ്പെടുകയും അതിന്റെ ഫലമായി ഏതാണ്ട് പൊതുമാർക്കറ്റിലെ വിലനിലവാരത്തോടൊപ്പമായിട്ട് നമ്മുടെ റേഷൻ കടകളേയും മാവേലി സ്റ്റോറുകളേയും ആശ്രയിക്കുന്ന ജനവിഭാഗങ്ങൾക്ക് വൻ വിലയ്ക്ക് കൊടുക്കേണ്ടതായിട്ട് വരികയാണ്. അതുകൊണ്ട് ഇന്നത്തെ സംവിധാനം ഒന്ന് പുനഃപരിശോധിക്കുന്നതിനും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനും സഹായകരമായിട്ടുള്ള നടപടികൾ എടുക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ സത്വര ശ്രദ്ധ പതിയുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിച്ചത്.

ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ) : സർ, പ്രതിപക്ഷനേതാവ് ഇവിടെ ഇപ്പോൾ സൂചിപ്പിച്ച കാര്യങ്ങൾ ശരിയാണ്. നമുക്ക് മുമ്പുണ്ടായിരുന്നതുപോലെ റേഷൻ കടകൾ വഴി അരി, ഗോതമ്പ് വില്പന ഇപ്പോൾ നടക്കുന്നില്ല. പ്രത്യേകിച്ചും എ.പി.എൽ, ബി.പി.എൽ. വിഭാഗമായി തരംതിരിക്കപ്പെട്ടപ്പോൾ എ.പി.എൽ.വിഭാഗത്തിന്റെ ഓഫ് ടേക്ക് പോലും 0.5% ആണ്. ബി.പി.എൽ.ന് മാത്രമാണ് ഓഫ് ടേക്കുള്ളത്. പിന്നെ എസ്.ജി.ആർ.ഐ. വഴിക്കുള്ള അരി ലഭിക്കുന്നതുകൊണ്ടും സംസ്ഥാന അതിർത്തിയിൽ നിയന്ത്രണമില്ലാത്തതുകൊണ്ടും ഓപ്പൺ മാർക്കറ്റിൽ ധാരാളമായി അരി ലഭിക്കുന്നുണ്ട്. 6.20 രൂപയ്ക്കാണ് ബി.പി.എൽ. അരിക്ക്. അത് കുറച്ച് ചെലവാകുന്നുണ്ട്. 8.90 രൂപയ്ക്കാണ് ഇപ്പോൾ എ.പി.എൽ. വിഭാഗത്തിന്റെ അരി. അപ്പോൾ എ.പി.എൽ.വിഭാഗം 8.90 രൂപയ്ക്ക് റേഷൻ കടയിൽനിന്ന് ഈ അരി വാങ്ങേണ്ടതില്ല. കാരണം ഓപ്പൺ മാർക്കറ്റിൽ ഇതിനടുത്ത വിലയ്ക്ക് അത് ലഭ്യമാണ്. അതുകൊണ്ട് നമുക്ക് റേഷൻ കടവഴിയുള്ള വിൽപ്പന മുമ്പത്തെ അപേക്ഷിച്ച് വളരെ കുറവാണ്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെ നമുക്ക് പഴയതുപോലെയുള്ള ഒരു വിഹിതം എഫ്.സി.ഐ. ൽ നിന്ന് അരിയായിട്ട് എടുക്കേണ്ടിവരുന്നില്ല. മണ്ണെണ്ണയുടെ കാര്യം ശരിയാണ്. മണ്ണെണ്ണയുടെ തോത് എല്ലാവർഷവും കുറയ്ക്കുകയാണ്. മണ്ണെണ്ണ ഗാർഹിക ഉപയോഗത്തിന് വേണ്ടിയുള്ളതാണ്. അതിന്റെ കണക്ക് വൈദ്യുതീകരണമനുസരിച്ചാണ് , അത് കുറച്ചിട്ടുണ്ട്. പിന്നെ വീട്ട് ആവശ്യത്തിന് കേന്ദ്രഗവൺമെന്റിനെ ഞങ്ങൾ ചെന്നു കണ്ടപ്പോൾ കേന്ദ്ര മന്ത്രി ചോദിച്ചത് എൽ.പി.ജി. കണക്ഷൻ നിങ്ങൾക്ക് എത്ര ലക്ഷം വേണമെന്നാണ്. at the movement- ൽ ഓർഡർ ഇട്ട് തരാമെന്നാണ് പറയുന്നത്. അതുകൊണ്ട് ഇനിയും മണ്ണെണ്ണയുടെ വിഹിതം കുറയും എന്ന് തന്നെയാണ് ഡൽഹിയിൽ നിന്നുള്ള സൂചന. അതിൽനിന്നാണ് നമ്മൾ മൽസ്യത്തൊഴിലാളികൾക്ക് കൊടുക്കുന്നത്. മൽസ്യത്തൊഴിലാളികളുടെ

LIBRARY ARCHIVES Kerala Legislative Assembly

വിഹിതം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി പ്രൊഫ. കെ. വി.തോമസ് കേന്ദ്രത്തിൽ പോയി മന്ത്രിയെക്കണ്ടപ്പോൾ അത് പ്രത്യേകമായി ഇറക്കുമതി ചെയ്യണമെന്ന് പറഞ്ഞു. അങ്ങനെ പ്രത്യേകമായി ഇറക്കുമതി ചെയ്താൽ സബ്സിഡി കിട്ടും അതിനുവേണ്ടി ഡിപ്പാർട്ടുമെന്റ് പ്രത്യേകമായി മൂവ് ചെയ്തു. അങ്ങ് പറഞ്ഞതുപോലെ 11.90 രൂപ ഇവിടെ എ.പി.എൽ. അരിക്ക് വിലയുണ്ടായിരുന്ന സമയത്ത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തന്നെ 1 രൂപ 90 പൈസ എ.പി.എൽ. അരി ഒരു കിലോഗ്രാമിന് നമ്മൾ സബ്സീഡിയായി കൊടുത്തിരുന്നു. അതിനുവേണ്ടി 111 കോടി രൂപ ബഡ്ജറ്റിൽ മാറ്റിവച്ചിരുന്നു. ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റ് വന്നപ്പോഴും അതേ സബ്സിഡി കൊടുക്കുകയും 11.90 രൂപയുടെ എ.പി.എൽ.അരി നമ്മൾ റേഷൻ കടയിൽ 10 രൂപയ്ക്ക് കൊടുത്തു കൊണ്ടിരിക്കുന്നു. അതിനിടയിൽ കേന്ദ്ര ഗവൺമെന്റ് എ.പി.എൽ.അരിയുടെ വില 8.90 രൂപയാക്കി ഒരു ഘട്ടത്തിൽ, വേറൊരു ഘട്ടത്തിൽ ഒരു രൂപകൂടി കുറച്ച് 7.90 രൂപയാക്കിയിട്ട് മൂന്ന് മാസം കഴിഞ്ഞ് വീണ്ടും അത് 8.90 രൂപയാക്കി. ആ 8.90 രൂപയ്ക്ക് എ.പി.എൽ.അരി കൊടുക്കുന്നതുകൊണ്ട് 11.90 രൂപ ആയിരുന്നപ്പോൾ നമ്മൾ കൊടുത്തിരുന്ന സബ്സിഡി ഇപ്പോൾ കൊടുക്കുന്നില്ല എന്നുള്ളത് സത്യമാണ്. ഒരു കാര്യംകൂടി, ബി.പി.എൽ. -ന്റെ പദ്ധതി പ്രകാരം കേന്ദ്ര ഗവൺമെന്റ് ബി.പി.എൽ. റേറ്റ് അരി തരുന്നത് 15.35 ലക്ഷം കുടുംബങ്ങൾക്ക് മാത്രമാണ്. അത് 25.43 പെർസന്റേജ് മാത്രമാണ് കേന്ദ്ര ഗവൺമെന്റ് കേരളത്തിലെ ബി.പി.എൽ. വിഭാഗത്തെ അംഗീകരിച്ചിട്ടുള്ളത്. എന്നാൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തന്നെ 42 ശതമാനമാണ് നമ്മുടെ കണക്കനുസരിച്ച് ബി.പി.എൽ. കുടുംബങ്ങൾ അതുകൊണ്ട് നമ്മുടെ 25.56 ലക്ഷം ബി.പി.എൽ. കുടുംബങ്ങൾക്കാണ് നാം ഇപ്പോൾ അരി കൊടുക്കുന്നത്. അതായത് 15.35 ലക്ഷം കുടുംബങ്ങൾ ബി.പി.എൽ. ലിസ്റ്റിലായി കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുമ്പോൾ കേരളം അത് 20.56 ലക്ഷമായി അംഗീകരിക്കുന്നു. അതിൽ വരുന്ന വ്യത്യാസത്തിന് എ.പി.എൽ. അരിയുടെ വില സബ്സിഡിയായി നമ്മൾ കൊടുത്ത ബി.പി.എൽ. വിലയ്ക്ക് കൊടുക്കുന്നു. എന്നാൽ ബി.പി.എൽ.ന്റെ ഓഫ് ടേക്ക് പൂർണ്ണമാകാത്തതുകൊണ്ട് കഴിഞ്ഞ കുറെ കാലമായി ഇതിനുവേണ്ടി വരുന്ന സബ്സിഡി നമ്മൾ പൂർണ്ണമായി വിനിയോഗിക്കേണ്ടി വരുന്നില്ല. തമിഴ്നാട്ടിലൊക്കെ നടക്കുന്നതുപോലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ സാർവത്രിക വിലയാകുന്നതിനുവേണ്ടി യൂണിവേഴ്സൽ പ്രൈസ് ആകുന്നതിനു മുമ്പുള്ളതുപോലെ എ.പി.എൽ.ന്റെയും ബി.പി.എൽ.ന്റെയും വില ഒന്നാക്കുകയെന്നു പറഞ്ഞാൽ അങ്ങേയ്ക്കറിയാം, 6.20 രൂപയ്ക്ക് കൊടുക്കുന്ന ബി.പി.എൽ.ന്റെ വില കൂട്ടാൻ സാധ്യമല്ലല്ലോ. അപ്പോൾ ഏകവിലയെന്നു പറഞ്ഞാൽ 8.90 രൂപയിൽ നിന്നും നമ്മൾ വില താഴോട്ട് കൊണ്ടുവന്ന് എല്ലാവർക്കും 6.20 രൂപ വച്ചുകൊടുക്കുകയെന്നുള്ളതാണ്. ഇന്നത്തെ ഒരു സാഹചര്യത്തിൽ കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് 8.90 രൂപയ്ക്ക് ലഭിക്കുന്ന അരി 6.20 പൈസയ്ക്ക് കേരളത്തിൽ അങ്ങ് പറഞ്ഞതുപോലെ 70 ലക്ഷത്തോളം വരുന്ന റേഷൻ കാർഡുടമകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

നൽകാൻ സാധ്യമാണോ എന്നുള്ളത് ഗൗരവമായി ആലോചിക്കേണ്ട കാര്യമാണ്. തീർച്ചയായിട്ടും റേഷൻ സംവിധാനത്തിൽ വന്നിരിക്കുന്ന ഒരു പ്രതിസന്ധിയെന്നുള്ളത് ഞാൻ സമ്മതിക്കുന്നു. ഗവൺമെന്റിന് അത് നേരിട്ട് ബോധ്യമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും അറിയാം. പക്ഷേ അങ്ങ് സൂചിപ്പിച്ചതുപോലെ ഭീമമായ ഒരു തുക സബ്സിഡി കൊടുത്ത് കേരളത്തിലെ റേഷൻ വില ഏകീകരിക്കാനുള്ള സാധ്യത ഇപ്പോൾ നമ്മുടെ മുമ്പിൽ കാണുന്നില്ല. യഥാർത്ഥത്തിൽ ഒരു പരിഹാരം കണ്ടെത്തേണ്ടത് കേന്ദ്ര ഗവൺമെന്റ് തന്നെയാണ്. എ.പി.എൽ., ബി.പി.എൽ. വേർതിരിവ് അവസാനിപ്പിച്ച് ഒരു വിഭാഗമാക്കി മാറ്റിയിട്ട് സാർവ്വത്രിക വില ഏർപ്പെടുത്തണമെന്നുള്ള കേരള ഗവൺമെന്റിന്റെ ശക്തമായ ഒരു ആവശ്യം നിലനിൽക്കുന്നുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അതുതന്നെയാണ് പറഞ്ഞത്. ഈ സ യുടെ പൊതുവികാരം അതുതന്നെയാണ്. അതുകൊണ്ട് നമുക്ക് അതിനുവേണ്ടി കൂട്ടായിട്ട് കേന്ദ്ര ഗവൺമെന്റിൽ സംയുക്തമായി ശ്രമം നടത്താം.

(2) രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ ആവശ്യത്തിന് സ്റ്റാഫില്ലാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. സി. പി. മുഹമ്മദ് : സർ, സംസ്ഥാനത്തെ രജിസ്ട്രേഷൻ ആഫീസുകളിൽ ആവശ്യത്തിന് സ്റ്റാഫ് ഇല്ലാത്തതുമൂലം വിലയാധാരങ്ങൾ മടക്കിവാങ്ങാനോ കുടിക്കിടപ്പ് സർട്ടിഫിക്കറ്റുകൾ അടക്കമുള്ള രേഖകൾ വാങ്ങാനോ സാധിക്കാതെ ആയിരക്കണക്കിന് ആളുകൾ നരകിക്കുകയാണ് പ്രത്യേകിച്ചും പാലക്കാട് ജില്ലയിൽ. ഭൂരിഭാഗം സ്ഥലങ്ങളിലും സബ്രജിസ്ട്രാർ തസ്തിക ഒഴിഞ്ഞ് കിടക്കുകയാണ്. ഇക്കാര്യത്തിൽ അടിയന്തിരമായ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുകയാണ്. പ്രമോഷൻ നൽകാത്തതുകൊണ്ട് ഹൈക്കോടതി വിധി വന്നിട്ട് ചെയ്യാം എന്നാണ് പറയുന്നത്. ഇതിനൊരു പരിഹാരമുണ്ടാകണം.

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) : സർ, സീനിയോറിട്ടിയെ സംബന്ധിച്ച് ഹൈക്കോടതിയിൽ കേസുകൾ നിവിലുള്ളതിനാൽ ഈ കാര്യത്തിൽ കുറച്ച് കാലതാമസം വന്നിരുന്നു. ആ തടസ്സം ഇപ്പോൾ മാറി. നിയമനങ്ങൾ നടത്തുന്നതിനുള്ള അടിയന്തിരമായ നടപടികൾ ഇപ്പോൾ സ്വീകരിച്ചുവരികയാണ്. കാലതാമസം ഒഴിവാക്കാൻ സമയബന്ധിതമായി എല്ലാ സബ് രജിസ്ട്രാർ ആഫീസുകളും കമ്പ്യൂട്ടറൈസ് ചെയ്യാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(3) കുരുമുളക് കൃഷിക്ക് ഗുണനിലവാരമുള്ള പ്രതിരോധ മരുന്ന് ലഭ്യമാക്കൽ

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, രാജാക്കാട് , രാജകുമാരി കൃഷിഭവനിലൂടെ വിതരണം ചെയ്ത കുരുമുളക് വള്ളികളെല്ലാം പഴുത്ത് അത് നടാൻ കൊള്ളില്ലാത്തതായിരുന്നു. ഇഷ്ടമുള്ള കൃഷിക്കാരോട് വാരിക്കൊണ്ടുപാകാൻ പറഞ്ഞു. മറ്റൊന്ന് ഇവിടെ നൂറുകണക്കിന് ഏക്കർ

LIBRARY ARCHIVES Kerala Legislative Assembly